പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2997

18.06.2018-ൽ മറുപടിക്ക്

**ചാവക്കാട് കടപ്പുറം മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ ലേലഹാൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.വി.അബ്ദുൾ ഖാദർ** | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| ചാവക്കാട് കടപ്പുറം മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ പുതിയ ലേലഹാൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | തൃശ്ശൂർ ജില്ലയിലെ മുനയ്ക്കക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണ പ്രവൃത്തിയ്ക്കായി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 231 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതനുസരിച്ച് വൈദ്യുതീകരണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ടി മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിൽ നിലവിൽ 32.8 x 15.3 മീറ്റർ അളവിലുള്ള ഒരു ലേലപ്പുരയുണ്ട്.<br>പുതുതായി ലേലപ്പുര നിർമ്മിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമല്ല. മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ ലേബർ കോഡിനേഷൻ കമ്മിറ്റി സ്ഥലം ലഭ്യമാക്കി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും സ്ഥലലഭ്യത ഉറപ്പാക്കിയ ശേഷം പുതിയ ലേലപ്പുര നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ